## പ്രമേയം

## കാര്യോപദേശക സമിതി റിപ്പോർട്ടിലെ ശുപാർശയുടെ ഭേദഗതി

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഇന്നു രാവിലെ അങ്ങ് വിളിച്ചു ചേർത്ത കക്ഷിനേതാക്കന്മാരുടെ യോഗത്തിലുണ്ടായ ധാരണ അനുസരിച്ചുള്ള ചില നിർദ്ദേശങ്ങൾ, മുൻ രാഷ്ട്രപതിയുടെ നിര്യാണവുമായി ബന്ധപ്പെട്ട് ഇന്നലെ അർദ്ധരാത്രിക്കുശേഷം, ഗവൺമെന്റ് ഓഫ് ഇൻഡ്യയിൽ നിന്നു കിട്ടിയ ഒരു കമ്മ്യൂണിക്കേഷനാണ് ഇപ്പോൾ നമ്മുടെ കൈയ്യിൽ ഉള്ളത്. കൂടുതൽ വിവരങ്ങൾ 10 മണിക്കുശേഷം പ്രതീക്ഷിക്കുന്നുണ്ട്. അതിന്റെയടിസ്ഥാനത്തിൽ ചിലപ്പോൾ ചില മാറ്റങ്ങൾ വേണ്ടിവന്നേക്കാമെന്നുള്ള ഒരു മുൻകരുതലോടുകൂടി ഞാൻ താഴെപ്പറയുന്ന കാര്യങ്ങൾ അവതരിപ്പിക്കുകയാണ്.

കാര്യോപദേശക സമിതിയുടെ 21-ാമത് റിപ്പോർട്ടിലെ ശുപാർശകൾ താഴെപ്പറയുന്ന പ്രകാരം ഭേദഗതി ചെയ്ത് ജൂലൈ 29, 30 എന്നീ തീയതികളിലെ കാര്യപരിപാടികൾ താഴെപ്പറയുന്ന പ്രകാരം ക്രമീകരിക്കണമെന്ന് ഈ സഭ തീരുമാനിക്കുന്നു.

**<u>2015 ജൂലൈ 29</u>**

1. 2015-16 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകളെ സംബന്ധിക്കുന്ന ചർച്ചയും വോട്ടെടുപ്പും.
2. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തതുപ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും.

(i) 2015 -ലെ കേരള ശാസ്ത്ര സാങ്കേതിക സർവ്വകലാശാലാ ബിൽ.

(ii) 2015 -ലെ ദി കേരള കാഷ്യൂ ഫാക്ടറീസ് അക്വിസിഷൻ അമെന്റ്മെന്റ് ബിൽ.

**<u>2015 ജൂലൈ 30</u>**

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തതുപ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും.

(i) 2015 -ലെ കേരള ഗവൺമെന്റ് ഗ്യാരന്റികളുടെ പരമാവധി പരിധി ഭേദഗതി ബിൽ.

(ii) 2015 -ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ബിൽ.

(iii) ഉപധനാഭ്യർത്ഥനകളെ സംബന്ധിക്കുന്ന ധനവിനിയോഗ ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും.

ഊർജ്ജ വകുപ്പുമന്ത്രി (<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u>): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

<u>മി.സ്പീക്കർ</u>: ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച പ്രമേയത്തെ

അനുകൂലിക്കുന്നവർ...............

പ്രതികൂലിക്കുന്നവർ.............

പ്രമേയം സഭ ഐകകണ്ഠേന അംഗീകരിച്ചിരിക്കുന്നു.